# രസതർക്കം

പരിസര മലിനീകരണസംരക്ഷണത്തിനായുള്ള തങ്ങളുടെ അവകാശത്തിനുമേൽ വൈദ്യുതി വ്യവസായികൾ ഇടങ്കോലിടുന്നതിനെതിരായി യു.എസ്. പരിസ്ഥിതി സംരക്ഷണ ഏജൻസി (USEPA) ഫെഡറൽ കോടതിയിൽ ഒരു ഹർജി ഫയൽ ചെയ്തു. അന്തരീക്ഷം മലിനമാക്കുന്ന രസവും (mercury) മറ്റു വിഷവസ്തുക്കളും നിയന്ത്രണാതീതമാക്കണമെന്ന് വൈദ്യുത വ്യവസായികളുടെ കേസ് തള്ളികളയാനാണ് ഹർജി. മനുഷ്യജീവനും വന്യജീവികൾക്കും ദോഷകാത്മായി ബാധിക്കുന്ന രസം പുറത്തേയ്ക്കുവിടുന്ന ഇത്തരത്തിലുള്ള വൈദ്യുത നിലയങ്ങൾക്ക് മാനദണ്ഡം ആവശ്യമാണെന്ന യു.എസ്. പരിസ്ഥിതി സംരക്ഷണസമിതി കഴിഞ്ഞവർഷം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത്തരത്തിൽ രസം നിർമ്മാർജ്ജനം ചെയ്യുന്നത് നിയന്ത്രിതമാക്കണമെന്ന പരിസ്ഥിതി സംരക്ഷണ ഏജൻസിയുടെ അവകാശവാദത്തിന് യാതൊരടിസ്ഥാനവുമില്ലെന്ന് രണ്ട് പ്രമുഖ വ്യവസായ സ്ഥാപനങ്ങളായ എഡിസൺ ഇലക്ട്രിക് ഇൻസ്റ്റിറ്റ്യൂട്ടും, യൂട്ടിലിറ്റി എയർ റെഗുലേറ്ററി ഗ്രൂപ്പും അവകാശപ്പെട്ടു. മാത്രമല്ല ക്ലീൻ എയർ ആക്ട് പ്രകാരം ഏജൻസിക്കെതിരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്.